# പെണ്ണെഴുത്തിന്റെ നിറച്ചാർത്തുകൾ ഗ്രേസി, ഗീതാഹിരണ്യൻ, അഷിത എന്നിവരുടെ കഥാപഠനങ്ങൾ

**ഡോ. മിജോയ് ജോസ്**
അസോ. പ്രൊഫസർ
മലയാള വിഭാഗം
സെന്റ് തോമസ് കോളെജ് (ഓട്ടോണമസ്), തൃശ്ശൂർ
Email: mejoyjose@gmail.com

**സംഗ്രഹം**

കാലങ്ങളായി നിലനിന്നുപോന്ന സ്ത്രീസങ്കല്പങ്ങളെ പൊളിച്ചെഴുതാനുള്ള ശ്രമമാണ് ഗ്രേസിയും ഗീതാഹിരണ്യനും അഷിതയും കഥകളിലൂടെ നിർവ്വഹിച്ചത്. മനുഷ്യസംസ്കാരത്തിന്റെ ആരംഭകാലം മുതൽ നിലനിന്നിരുന്ന സ്ത്രീപുരുഷ അസമത്വത്തിന്റെ പിൻതുടർച്ച വർത്തമാനകാലത്തും നമുക്കു വായിച്ചെടുക്കാൻ സാധിക്കുന്നു. അതിനെതിരെ പ്രതികരിക്കേണ്ടതും ശബ്ദമുയർത്തേണ്ടതും എഴുത്തിലൂടെയാണെന്നുള്ള ബോധ്യം ഈ കഥാകാരികൾക്കുണ്ട്. അതുകൊണ്ടാണ് അവർ നേരിട്ട് കണ്ട് അനുഭവിച്ച സ്ത്രീജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളെ വിവിധ കഥാപരിസരങ്ങളിലൂടെ അടയാളപ്പെടുത്താൻ ശ്രമിക്കുന്നത്. സാങ്കേതിക ധാരണകളുടെ കെട്ടുപാടുകളിൽ നിന്ന് മോചനം നേടിയതാണ് ഗീതാഹിരണ്യന്റെ കഥകൾ. സ്ത്രീകൾക്കൊന്നും അറിയാനോ മനസ്സിലാക്കാനോ ശേഷിയില്ലെന്ന പുരുഷഭാവത്തെ കീറിമുറിക്കുന്ന തരത്തിലാണ് ഗ്രേസി കഥകൾ അവതരിപ്പിക്കുന്നത്. അസാധാരണമായ മൗനവും ഒറ്റയ്ക്കാവുന്ന കൗതുകവും ഉള്ള സ്ത്രീകളെ അഷിത എഴുതിവെക്കുന്നു.

**താക്കോൽ വാക്കുകൾ:** ബിംബാത്മകത, മനഃശാസ്ത്രപരം, പെണ്ണിടങ്ങൾ, സ്ത്രീ സങ്കല്പം, ധന്വന്തരി, ഡബിൾ റോൾ


ISSN: 2582 - 2594

**ആമുഖം**

കഥാകാരികളായ ഗ്രേസി, ഗീതാഹിരണ്യൻ, അഷിത തുടങ്ങിയവർ മൂന്ന രീതികളിലാണ് സ്ത്രീപക്ഷ രചനകൾ നിർവ്വഹിച്ചിരിക്കുന്നത്. ഗ്രേസി കുറെയൊക്കെ ബിംബാത്മകമായും ധ്വനിപ്പിച്ചും മനഃശാസ്ത്രപരമായും സ്ത്രീ ജീവിതത്തെ പകർത്തുമ്പോൾ ഗീതാഹിരണ്യൻ വളരെ പ്രത്യക്ഷമായി സ്ത്രീ ജീവിതത്തിന്റെ സമസ്തമേഖലകളെയും കഥകളിലൂടെ സ്പർശിക്കുന്നു. എന്നാൽ അഷിത സൂക്ഷ്മ നിരീക്ഷണത്തേക്കാൾ സ്ഥൂലമായാണ് പെണ്ണിടങ്ങളിലൂടെ സഞ്ചരിക്കുന്നത്. അസാധാരണമായ മൗനവും ഒറ്റക്കാവുന്ന കൗതുകവും ഉള്ള സ്ത്രീകളെ അഷിത എഴുതിവെയ്ക്കുന്നു. പറയുന്നത് കൃത്യമായിരിക്കണം. ഉണ്മയായിരിക്കണം, കുറച്ചായിരിക്കണം അതിനു കഴിയില്ലെങ്കിൽ മിണ്ടാതിരിക്കണം. ലോകത്തോട് ഇണങ്ങാൻ കഴിയാത്തതുകൊണ്ടല്ല, ഞാനെഴുതുന്നത്. ഈശ്വരനോട് ഇണങ്ങുന്നതുകൊണ്ടാണ്. എന്റെ പ്രതിബദ്ധത എന്നോടാണ്. എന്നോട് പ്രതിബദ്ധയായിരിക്കുമ്പോൾ ഞാൻ സമസ്തലോകങ്ങളോടും പ്രതിബദ്ധത പുലർത്തുന്നു. ഈ വാചകങ്ങൾ അഷിത സ്വന്ത കഥകളുടെ ആമുഖത്തിൽ എഴുതിവെച്ചതാണ്. സ്ത്രീജീവിതത്തെ വേറിട്ട കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കാൻ ശ്രമിക്കുകയാണ് ഗ്രേസി എന്ന എഴുത്തുകാരി. ഓരോ കഥയും വായനക്കാരിൽ ചിന്തയുടെ വാതായനങ്ങൾ തുറക്കുകയും അത് മനസ്സിൽ കിടന്ന് നീറിപ്പുകയുകയും ചെയ്യുന്നു. സ്ത്രീകൾക്കൊന്നും അറിയാനോ മനസിലാക്കാനോ ശേഷിയില്ലെന്ന പുരുഷഭാവത്തെ കീറിമുറിക്കുന്ന തരത്തിലാണ് ഗ്രേസി കഥകൾ അവതരിപ്പിക്കുന്നത്. ഗീതാഹിരണ്യന്റെ കഥാപാത്രങ്ങൾ വ്യത്യസ്ത സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നവരും, ഓരോ കഥാപരിസരവും വേറിട്ട് നിൽക്കുന്നതുമാണ്. കഥക്കുവേണ്ടി കൃത്രിമമായി ഉണ്ടാക്കിയ ഒരു സാഹചര്യവും പ്രകടമാക്കാതെ സൂക്ഷ്മനിരീക്ഷണങ്ങളിലൂടെ മനസ്സിലാക്കിയ, അതേസമയം കാലാകാലങ്ങളായി നിലനിൽക്കുന്ന സാങ്കേതിക ധാരണകളുടെ കെട്ടുപാടുകളിൽ നിന്ന് മോചനം നേടിയതാണ് ഗീതാഹിരണ്യന്റെ കഥകൾ. ഈ മൂന്നുപേരുടേയും കഥകളിലൂടെയുള്ള യാത്രയാണ് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്.

**ഭാര്യമാരുടെ ദുഃഖങ്ങൾ**

അഷിതയുടെ 'ഒരു സ്ത്രീയും പറയാത്തത്' എന്ന കഥയിൽ സൗമിനി ടീച്ചറേയും കുടുംബത്തേയും പരിചയപ്പെടുത്തുകയാണ്. ഉച്ചക്ക് സ്കൂളിൽനിന്ന് അവധിയെടുത്ത് ഇറങ്ങുമ്പോൾ സൗമിനി ടീച്ചറുടെ മനസിൽ ഭർത്താവിന്റെ സുഹൃത്തിനൊരുക്കേണ്ട വിഭവങ്ങളാണ്. കൈയിലാണെങ്കിൽ വാങ്ങേണ്ട പലവ്യഞ്ജനങ്ങളുടെ ലിസ്റ്റ്, മനസ്സ് നിറയെ പിറ്റേ ദിവസത്തെ മകളുടെ പരീക്ഷയെപ്പറ്റിയുള്ള ചിന്തകൾ, കറന്റ് ബില്ലടക്കേണ്ട ദിവസമായിരിക്കുന്നു ഇങ്ങനെയുള്ള ചിന്തകൾക്കിടയിലാണ് അടുത്ത് കൊണ്ടുവന്നു നിറുത്തിയ കാറിലെ ചെറുപ്പക്കാരന്റെ കൂടെ വരുന്നോടി എന്ന ചോദ്യവും കൂടെയുള്ളവരുടെ ആർപ്പുവിളിയും ചിരിയും. സൗമിനി ടീച്ചർ ആകെ വിയർത്ത് കരഞ്ഞുപോയി. ഒരു സ്ത്രീയുടെ വേദനകൾ. തന്നെ കണ്ടാൽ അത്തരത്തിലൊരു പെണ്ണാണെന്ന് തോന്നുമോ എന്ന ചിന്ത ടീച്ചറെ വല്ലാതെ അലട്ടി. ഭർത്താവിനും സുഹൃത്തിനും വിഭവങ്ങൾ ഒരുക്കുമ്പോഴും ആറുമണിയായിട്ടും മടങ്ങിവരാത്ത മകളെക്കുറിച്ചുള്ള ചിന്തകളായിരുന്നു. ടീപോയിലെ പത്രത്തിലെ ബലാത്സംഗ വാർത്തകൾ കൂടി വായിച്ചപ്പോൾ മകൾ തിരിച്ചുവരാത്തതിന്റെ വേവലാതികൾ കൂടി. അപ്പോഴും അതൊന്നും വകവെക്കാതെ

ഭർത്താവും സുഹൃത്തും മദ്യപിച്ചുകൊണ്ടിരിക്കയാണ്. സ്ത്രീകളുടെ ജീവിതത്തെ ഓർത്ത്, അവർ അനുഭവിക്കേണ്ട അവസ്ഥകളെ ഓർത്ത് നീറിപ്പുകയുന്ന സൗമിനിടീച്ചറെയാണ് അഷിത പറഞ്ഞുവെക്കുന്നത്.

ഇതിനോടു സാമ്യമുള്ള രചനയാണ് ഗീതാഹിരണ്യന്റെ 'ശ്രീ ഭഗവതി' എന്ന കഥ. പനിയായി വിറച്ചു മിണ്ടാൻ പറ്റാതായ കൊച്ചിനെ പൊതുപ്രവർത്തകനായ ഭർത്താവ് വന്നിട്ട് വേണം ഡോക്ടറെ കാണിക്കാൻ എന്ന് വിചാരിച്ചിരിക്കുന്ന ഭാര്യ. രണ്ട് ദിവസം മുമ്പേ എത്താമെന്ന് പറഞ്ഞിരുന്ന ഭർത്താവ് വന്നപ്പോൾ ചോദിച്ചത് കൊച്ചമ്മയെക്കൂട്ടി കൊച്ചിനെ ഡോക്ടറെ കാണിക്കാൻ പോകാമായിരുന്നില്ലെ എന്നാണ്. കൊഞ്ചിക്കാനോ താലോലിക്കാനോ അറിയാത്ത അച്ഛനായതിനാൽ മകളെ അവൾ അയാളെ ഏൽപ്പിക്കാൻ കൂട്ടാക്കിയില്ല. പൊതുപ്രവർത്തകനായതുകൊണ്ട് വീട്ടിലെത്തിയിട്ടും ഫോൺകോളുകളുടെ ബഹളം. നാടൊട്ടുക്ക് പെങ്ങന്മാരും നാത്തൂന്മാരുമല്ലെ എന്ന ഭാര്യയുടെ ചോദ്യത്തെ കുറ്റപ്പെടുത്താനാകില്ല. ശ്രീ ഭഗവതിയുടെ കഥ പറഞ്ഞ് കുട്ടിയെ ഉറക്കി ഭാര്യ ഭർത്താവിന്റെ രുചിക്കൊത്ത ഭക്ഷണം പാകംചെയ്യുന്ന തിരക്കിലായി. കുടുംബഭാരങ്ങളുടെ ഭാരം പേറി ജീവിക്കുന്ന ഭാര്യയെ സഹായിക്കുന്നതോ പോകട്ടെ ആശ്വസിപ്പിക്കാൻ പോലുമറിയാത്ത ഭർത്താക്കന്മാരെ പേറി ജീവിക്കേണ്ടിവരുന്ന സ്ത്രീകളുടെ അവസ്ഥ മഹാ കഷ്ടമാണ് എന്ന് ഈ കഥ ഓർമ്മപ്പെടുത്തുന്നു.

ഗ്രേസിയുടെ 'ഭിന്നസംഖ്യ' എന്ന കഥയും ഇതിനു സമാനമായ കഥയാണ്. ഭാര്യയും ഭർത്താവും ഉദ്യോഗസ്ഥരാണ്. കടുത്ത പനിയുമായി ഓഫീസിൽ നിന്ന് വന്ന ഭാര്യ, വീട്ടിൽ ചുരുണ്ടുകൂടി കിടക്കുന്നു. ഭർത്താവ് ജോലി കഴിഞ്ഞ് വന്നപ്പോൾ ഭാര്യ അദ്ദേഹത്തോട് ചായ ഉണ്ടാക്കിക്കൊടുക്കാൻ പറഞ്ഞു. മനമില്ലാ മനസ്സോടെ ഭർത്താവ് ഉണ്ടാക്കിക്കൊടുത്ത ചായ ക്കഷായം കഴിച്ചപ്പോൾ ഭാര്യക്ക് ഓക്കാനം വന്നു. ഭാര്യയുടെ ദയനീയാവസ്ഥ ശ്രദ്ധിക്കാതെ ഭർത്താവ് പത്രവായനയിൽ മുഴുകി. സന്ധ്യയാപ്പോൾ ഭാര്യ വേച്ചുവേച്ച് എഴുന്നേറ്റ് ചില വിഭവങ്ങളുണ്ടാക്കി മേശപ്പുറത്ത് വിളമ്പി. ലീവെടുത്ത് ഓഫീസ് ജോലിയിൽ നിന്ന് മോചനം നേടിയാലും വീട്ടുപണിയിൽനിന്ന് സ്ത്രീക്ക് മോചനമില്ല. മകളെ പഠിപ്പിക്കുന്നതും അച്ഛന്റെ ജോലിയല്ല. ഭാര്യ ഭ്രാന്തിയെപ്പോലെ മുറിക്കകത്ത് കടന്ന് വാതിലടച്ച് സാരിത്തുമ്പിൽ ജീവനൊടുക്കുമ്പോൾ അവൾ ജനവാതിലിലൂടെ എത്തിനോക്കുന്ന ഭർത്താവിനോടും നേരത്തെ സംശയം ചോദിച്ച മകളോടുമായി പറയുന്നുണ്ട്, ഇതാണ് ഫ്രാക്ഷന്റെ അഡീഷൻ. ഭാര്യയുടെ വേദനകൾ തിരിച്ചറിയാൻപോലും കഴിയാത്ത ഭർത്താവ് അവൾ ആത്മഹത്യക്ക് ശ്രമിക്കുമ്പോൾ ആശ്ചര്യപ്പെടുകയല്ലാതെ സമയബന്ധിതമായി ഇടപെടാൻ പോലും ശ്രമിക്കുന്നില്ല.

**കുടുംബജീവിതത്തിലെ പൊരുത്തക്കേടുകൾ**

അഷിതയുടെ 'മണ്ണാങ്കട്ടയും കരിയിലയും' എന്ന കഥ ഭാര്യാഭർത്താക്കന്മാരുടെ പൊരുത്തക്കേടുകളിലേക്ക് വിരൽചൂണ്ടുന്നു. സായാഹ്നങ്ങളിൽ പത്രത്തിന്റെ താളുകളിൽ മുഖം മറക്കുന്ന ഭാര്യയും ഭർത്താവും പത്രവായന കഴിഞ്ഞാൽ മാസികകളിൽ അഭയം തേടുന്നു. അവർക്ക് അധികമൊന്നും സംസാരിക്കാനില്ല. ഭർത്താവ് ഭാര്യക്ക് മുഖം കൊടുക്കാതിരിക്കാൻ പരമാവധി ശ്രമിക്കുന്നു. ഭാര്യക്കാണെങ്കിൽ താൻ ഭർത്താവിനു ചേർന്ന ഭാര്യയല്ലെന്ന് തോന്നിത്തുടങ്ങിയിരിക്കുന്നു. വിവാഹം ആലോചിച്ചപ്പോൾ തനിക്ക് ഏറ്റവും ചേർന്ന പുരുഷനായിട്ടാണ് ഭാര്യക്ക്

 ISSN: 2582 - 2594

തോന്നിയത്. വിവാഹശേഷം കുറേനാൾ അങ്ങനെയൊക്കെയായിരുന്നു പിന്നെ പിന്നെ എല്ലാ പൊരുത്തവും പിണക്കങ്ങളായി.

ഗീതാഹിരണ്യന്റെ 'കവിതയും ജീവിതവും ഒരുപന്യാസത്തിനപ്പുറം' എന്ന കഥയും കുടുംബജീവിതത്തിലെ പൊരുത്തക്കേടുകളാണ് കാണിക്കുന്നത്. പ്രണയിച്ചാണ് വിവാഹമെങ്കിലും ഭർത്താവിന് പ്രിയം കവിതയും സാഹിത്യവുമായി നടക്കുന്ന മറ്റു പല സ്ത്രീകളോടുമാണ്. ആളു കൂടുന്നേടം ലളിതക്ക് അപ്രിയമാണ്. അവിടെ അവൾ ഏകാകി, ഭൂമിയെപ്പോലെ തനിച്ചായവൾ, ഉണ്ണ്യേട്ടന്റെ ഭാര്യ മെന്റലി ഇംബാലൻസ്ഡാണെന്ന മറ്റുള്ളവരുടെ അടക്കം പറച്ചിൽ. ഇതെല്ലാം കാണുമ്പോഴും കേൾക്കുമ്പോഴും മറ്റു സ്ത്രീകളോടുള്ള ഉണ്ണ്യേട്ടന്റെ അടുപ്പം കാണുമ്പോഴും പതിനാലുകൊല്ലം മുമ്പ് ചത്തുപോയ പ്രേമം ഇപ്പോൾ മറ്റൊരുവളോട് കാണിക്കയാണോ എന്ന് ലളിത സംശയിക്കുമ്പോൾ അവളെ കുറ്റപ്പെടുത്താനാകില്ല. വാനയക്കാർക്ക് അവസാനം ലളിതയോടൊപ്പം കരയാനെ സാധിക്കൂ.

## പ്രണയത്തിന്റെ ബാധ്യതകൾ

ഗ്രേസിയുടെ 'ഒരു പൈങ്കിളിക്കഥയുടെ അന്ത്യം' എന്ന കഥ പ്രണയത്തിൽ ഒളിഞ്ഞിരിക്കുന്ന ബാധ്യതകളും ബോധ്യങ്ങളും ഓർമ്മപ്പെടുത്തുന്നു. ഇരുപത്തിനാല് വയസ്സുള്ള ആൽബർട്ടും വനജയും ഒരുമിച്ച് പഠിച്ചവരാണ്. വളരെ പ്രതീക്ഷയോടെയാണ് അവർ രജിസ്റ്റർ മാര്യേജ് ചെയ്ത് റെയിൽവേ സ്റ്റേഷനടുത്തുള്ള ഒരു കൊച്ചുവാടക വീട്ടിൽ താമസമാക്കിയത്. അവരുടെ ജീവിതത്തിൽ ഒരതിഥിയായി കുഞ്ഞ് കടന്നുവന്നതോടെ അവളെ എങ്ങനെ വളർത്തും എന്ന ചിന്ത അവളുടെ മനോനില തെറ്റിച്ചു. ആൽബർട്ട് ജോലിക്കുപോയാൽ അവൾ കുഞ്ഞിനെ ഉറക്കി വാതിൽപൂട്ടി ഇറങ്ങി ജോലിക്കു പോകയാണെന്ന ധാരണയിൽ തീവണ്ടി കയറിപ്പോകും. പ്രണയം പോലെ സുന്ദരമല്ല ജീവിതം എന്ന് ഈ കഥ ഓർമ്മിപ്പിക്കുന്നു. അഷിതയുടെ 'എന്നിട്ടോ?' എന്ന കഥയും പ്രണയം മനോഹരമാണെന്ന് തോന്നാമെങ്കിലും ജീവിതത്തിന്റെ ഉത്തരവാദിത്തങ്ങൾ ഓർമ്മപ്പെടുത്തുന്നതാണ്. പ്രണയിച്ച് വീട്ടുകാരറിയാതെ ഇറങ്ങിപ്പോന്ന കീർത്തിയും സതീശനും. അവർ താത്ക്കാലികമായി അഭയം തേടിയിരിക്കുന്നത് പ്രീഡിഗ്രിക്ക് പഠിക്കുമ്പോഴെ പ്രണയിച്ച് വിവാഹംകഴിച്ച ചേച്ചിയുടെ വീട്ടിൽ, രജിസ്ട്രേഷന്റെ കാര്യങ്ങളും, വാടകവീടിന്റെ ഒരുക്കങ്ങളും ശരിയാക്കി കൂട്ടുകാർ പുറത്ത് ടാക്സിയുമായി കാത്തുനിൽക്കുന്നു. പക്ഷേ പുതിയ സാഹചര്യങ്ങളെ ഉൾക്കൊള്ളാൻ കീർത്തിക്കാകുന്നില്ല. സതീശൻ മുമ്പ് പറഞ്ഞ കാര്യങ്ങളെല്ലാം ഓർമ്മപ്പെടുത്തുന്നുണ്ടെങ്കിലും നനഞ്ഞൊഴുകുന്ന കണ്ണുകളോടെ ചുമരിൽ ചാരി നിൽക്കുന്ന കീർത്തി. രജിസ്ട്രേഷൻ ഓഫീസിൽ സാക്ഷികളായി എത്താമെന്ന് പറഞ്ഞവരെല്ലാം അവിടെ കാത്തുനിൽക്കുന്നു. ജീവിതത്തിന്റെ മറ്റൊരു ഘട്ടത്തെ ഉൾക്കൊള്ളാൻ കീർത്തിക്കാകുന്നില്ല.

## ജോലിക്കാരായ സ്ത്രീകൾ

അഷിതയുടെ 'അധ്യാരോപങ്ങൾ' എന്ന കഥ ജോലിക്കാരായ സ്ത്രീകളുടെ വിഷമതകളിലേക്ക് വായനക്കാരെ കൊണ്ടുപോകുന്നു. ജോലിസ്ഥലത്തെ അവസാന ഡ്യൂട്ടിയും കഴിഞ്ഞ് ഇറങ്ങാൻ തിരക്കടിക്കുന്ന ജോലിക്കാരി. അവളെ കാത്തിരിക്കുന്ന മൂന്നുവയസ്സുകാരി മകൾ. തിരക്കിട്ട യാത്രക്കിടയിൽ അവൾക്ക് തോന്നുകയാണ് എല്ലാ ഉദ്യോഗസ്ഥകളും ഒരു രാജിക്ക

ത്ത് സദാ ഉള്ളിൽ കൊണ്ടുനടക്കുന്നുണ്ടാകും എന്ന്. എങ്ങനെയെങ്കിലും വീട്ടിൽ എത്തണം എന്ന് വിചാരിച്ചപ്പോഴാണ് റോഡിൽ ബ്ലോക്ക്. ഒരു ബൈക്കും ഓട്ടോയും കൂട്ടിയിടിച്ച് ബൈക്ക് യാത്രക്കാരൻ മരിച്ചു. ഓട്ടോ ഡ്രൈവർ സ്കൂളിൽ കാത്തുനിൽക്കുന്ന അമ്മയില്ലാത്ത തന്റെ കുഞ്ഞിനെ വീട്ടിലാക്കിയിട്ട് സ്റ്റേഷനിൽ വരാമെന്ന് പറഞ്ഞിട്ടും പോലീസ് സമ്മതിക്കുന്നില്ല. അവളുടെ മനസിലേക്ക് മകളെക്കുറിച്ചുള്ള ഓർമ്മകളോടൊപ്പം, ആ ഓട്ടോക്കാരന്റെ മകളുടെ മുഖവും ഓടിയെത്തുന്നു. ഗീതാഹിരണ്യന്റെ 'വൈറ്റ് ഹൗസ്' എന്ന കഥയും ജോലിക്കാരായ സ്ത്രീകളുടെ പ്രശ്നങ്ങളാണ് കഥാവിഷയമായി തെരഞ്ഞെടുത്തിരിക്കുന്നത്. വീട്ടുജോലികളെല്ലാം തീർത്ത്, യാത്രയുടെ ദുരനുഭവങ്ങളെല്ലാം പേറി ഓഫീസിലെത്തുമ്പോൾ എങ്ങാനും വൈകിപ്പോയാൽ കേൾക്കേണ്ടിവരുന്ന പഴികൾ. തലേദിവസം അമ്മച്ചിക്ക് പത്രം വായിച്ച്കൊടുത്ത് വാർത്തകൾ ആസ്വദിക്കുന്നത് ആനിക്ക് ഓർമ്മവരുന്നു. അമേരിക്കൻ പ്രസിഡന്റിന്റെ അവിഹിതബന്ധത്തിന്റെ വാർത്ത വായിച്ചപ്പോൾ 'വായിക്കടീ' എന്നു പറഞ്ഞ് പ്രോത്സാഹിപ്പിക്കുന്ന അമ്മായിയമ്മ. ട്രെയിനിറങ്ങി ഓട്ടോ പിടിച്ച് ഓഫീസിൽ എത്തുമ്പോൾ ഇന്ത്യ മഹാരാജ്യത്തിന്റെ ആധാരംപോലെ പൂട്ടിവെച്ചിരിക്കുന്ന ഹാജർബുക്ക്. നിർമ്മല ആനിയുടെ വീട്ടുപണിക്കായി ചെപ്പിനുള്ളിലാക്കി നൽകിയ ആഭരണങ്ങളുടെ തിളക്കം. അങ്ങനെ സ്ത്രീകൾ ജോലിയിൽ അഭിമുഖീകരിക്കേണ്ട വിവിധ അവസ്ഥകളെ ഈ കഥ ഓർമ്മപ്പെടുത്തുന്നു.

### സ്ത്രീയുടെ ആഗ്രഹങ്ങൾ

ലൈംഗികത കേന്ദ്ര പ്രമേയമാക്കി എഴുതപ്പെട്ട കഥയാണ് ഗീതാഹിരണ്യന്റെ 'ഘരെ – ബായ്‌രെ'. വീട്ടിലും പുറത്തും ഒരു വീട്ടമ്മയുടെ സ്വകാര്യലോകം വളരെ സുതാര്യമായി കാണിച്ചു തരുന്ന കഥയാണിത്. മൃദുലവികാര ഭൂമികകൾ പരിചയമില്ലാത്ത എഞ്ചിനീയറായ ഭർത്താവ്. താൻ കടന്നുചെന്നിട്ടില്ലാത്ത അപരിചിത ഭൂമികൾ ഭാര്യയുടെ മനസ്സിനുണ്ടെന്നും തനിക്ക് ആവശ്യമില്ലാത്തപ്പോഴും അവൾക്ക് ഒരു ശരീരവും അതിനുള്ളിൽ സ്നേഹവും, ലാളനയും കൊതിക്കുന്ന ഒരു ഹൃദയമുണ്ടെന്നും ഭർത്താവിനറിയില്ല. മകൻ അമ്മയെ കെട്ടിപ്പിടിക്കുമ്പോൾ ബ്രൂട്ട് പെർഫ്യൂമിന്റേയും ആഫ്റ്റർ ഷേവ് ലോഷന്റെയും ചർമ്മത്തിനുമേൽ പറ്റിപ്പിടിച്ചിരിക്കുന്ന ഗന്ധം അവനു തിരിച്ചറിയാനാകുമോ എന്നവൾ ഭയപ്പെടുന്നു. അമ്മ തന്നെ കൂട്ടാതെ കളവ് പറഞ്ഞ് വിരുന്നുപോയതിന്റെ ഈർഷ്യ മകനിൽ നിലനിൽക്കുന്നു. ഉച്ചനേരങ്ങളിൽ അയാളുടെ വർത്തമാനങ്ങൾ ഫോണിൽ കേട്ട് കുലുങ്ങിച്ചിരിക്കുമ്പോൾ അകത്തെ മുറിയിൽ സ്വാധീനമില്ലാത്ത കാലുമായി കിടക്കുന്ന ഭർത്താവിന്റെ അമ്മ പിറുപിറുക്കുന്നു. എന്നാൽ ശരീരങ്ങൾ ബന്ധപ്പെട്ടു കഴിഞ്ഞാൽ ഉടൻ അസ്തമിക്കുന്ന സ്നേഹത്തിന്റെ കതിരവനാണെന്ന് മുമ്പേകൂട്ടി അറിയാതെ പോയി എന്ന് ഭാര്യ സ്വയം പരിതപിക്കുന്നു.

ഗ്രേസിയുടെ 'പടിയിറങ്ങിപ്പോയ പാർവ്വതി' എന്ന കഥ മറ്റൊരു സ്ത്രീയുടെ ജീവിതമാണ് പരോക്ഷമായി പറഞ്ഞുവെയ്ക്കുന്നത്. പാർവ്വതി, തുടുത്ത മുഖം, പ്രകാശമേറിയ വലിയ കണ്ണുകൾ, നീണ്ടിടതൂർന്ന മുടി, അതുകൊണ്ടാണ് അവൾക്ക് പാർവ്വതിയെ ഇഷ്ടമായത്. എന്നാൽ പരീക്ഷ കഴിഞ്ഞപ്പോഴേക്കും പാർവ്വതി വിവാഹിതയായത് കൂട്ടുകാരിക്ക് ഒരാഘാതമായി. പാർവ്വതിയുടെ രാമനാഥനുമായുള്ള വിവാഹത്തിനുശേഷം ഡ്രൈവിങ്ങ് പഠിപ്പിക്കാൻ വന്ന ബന്ധുവായ ഉണ്ണ്യേട്ടനുമായുള്ള ശാരീരികബന്ധവും, പാർവ്വതി രാമനാഥനേയും ഉണ്ണ്യേട്ടനേയും താരതമ്യം

ചെയ്ത് സംസാരിച്ചതും, പിന്നീട് വകയിലൊരമ്മാവന്റെ മകനുമായുള്ള ബന്ധവും പാർവ്വതിയെ കൂട്ടുകാരിയുടെ മനസിൽനിന്ന് പടിയിറക്കാൻ കാരണമായി. "സ്ത്രീകളുടെ ലൈംഗിക മനസ്സുകളുടെയും ശരീരങ്ങളുടെയും നിഗൂഢതകളെ തുറന്നുകാട്ടിയ കഥാകാരി എന്നാണ് ഗ്രേസിയെ ചിലർ വിശേഷിപ്പിച്ചിട്ടുള്ളത്." (ഡോ. എം.എം. ബഷീർ, പുറം 487)

### വഴിവിട്ട ബന്ധങ്ങൾ

തന്റെ ഉപകർത്താവിന്റെ പ്രേരണയിൽപ്പെട്ട് വഴിപിഴക്കേണ്ടിവന്ന ഒരു യുവതിയുടെ പ്രതിഷേധത്തിന്റേയും ആത്മനിന്ദയുടേയും പ്രകാശനമാണ് 'അസംഘടിത' എന്ന കഥ. തന്റെ മുന്നിൽ ഒരു ധനവതിയുടെ വേഷം കെട്ടിനിൽക്കുന്നവളെ ഒരു ശരീരവില്പനക്കാരിയാണെന്ന് തിരിച്ചറിയാൻ അവന് സാധിച്ചില്ല. അതോർത്തപ്പോൾ അവൾക്ക് ആദ്യം കണ്ണീരുവന്നു. പിന്നെ ആ തിരിച്ചറിയായ്മയിൽ ആശ്വാസവും. അവളുടെ അച്ഛൻ സുന്ദരനായിരുന്നു. എന്നാൽ അമ്മ അങ്ങനെയായിരുന്നില്ല. അച്ഛൻ സ്നേഹമില്ലാത്തവൻ, അല്ലെങ്കിൽ പത്ത് പന്ത്രണ്ട് വയസ്സുള്ള മകളേയും ഭാര്യയേയും ഉപേക്ഷിച്ച് പോയ്ക്കളയുമോ? സ്വന്തം ശരീരം വിൽക്കേണ്ടിവന്ന സ്മിതയുടെ കഥ ഗീതാഹിരണ്യൻ അങ്ങനെ പറഞ്ഞുവെയ്ക്കുന്നു. അഷിതയുടെ 'കഥയില്ലായ്മകൾ' എന്ന കഥയും ഇതിന്റെ മറ്റൊരു പതിപ്പാണ്. മഹേന്ദ്രൻ നടന്ന് നടന്ന് വേശ്യാത്തെരുവിലേക്കെത്തുന്നു. പുരുഷന്മാരെ ആകർഷിക്കാൻ പല വേഷങ്ങൾ കെട്ടിയവർ, പല ഭാവങ്ങൾ ആവാഹിക്കുന്നവർ. അവൻ മുറിക്കകത്ത് കയറി. സിഗരറ്റ് വലിച്ചുകൊണ്ടിരുന്നപ്പോൾ ഉണ്ടായ ചാരം തട്ടിക്കളയുന്നു. കൈതെറ്റി അത് കിടക്കയിൽ വീണപ്പോൾ അവന്റെ ക്ഷമാപണവും അവളുടെ 'സാരമില്ല, സാരമില്ല' എന്ന വാക്കുകളും. ആ വാക്കുകൾ അവനെ അമ്മയുടെ ഓർമ്മകളിലേക്ക് കൊണ്ടുപോയി. കരഞ്ഞുതളർന്ന് വരുമ്പോൾ അമ്മ ചേർത്തു നിറുത്തി പറയാറുള്ള അതേ വാക്ക് 'സാരമില്ല'. ഇവിടെ കാമത്തേക്കാൾ നഷ്ടമാകുന്ന സ്നേഹത്തിന്റെ, കരുതലിന്റെ ലോകത്തിലേക്ക് വായനക്കാരെ കൊണ്ടുപോകുന്നു. "ദാമ്പത്യം പോലുള്ള കൃത്രിമമായ സാമൂഹ്യസ്ഥാപനങ്ങൾ നിർമ്മിച്ചെടുത്ത അരുതായ്മകൾക്കപ്പുറം നിലകൊള്ളുന്ന ആസക്തിയുടെ മേഖലയെ നിർവ്വചിക്കാനുള്ള ശ്രമമാണ് കഥാകാരി നടത്തുന്നത്." (വി. രാജകൃഷ്ണൻ, പു. 156)

### തൊഴിലിന്റെ തരംതിരിവുകൾ

ഗീതാഹിരണ്യന്റെ 'ഒറ്റ സ്നാപ്പിൽ ഒതുക്കാനാകില്ല ഒരു ജന്മസത്യം' എന്ന കഥയിലെ വേലക്കാരി പാറൂട്ടിചേച്ചി. നാലഞ്ചു വീടുകളിലെ പുറംപണി ചെയ്യുന്ന അടുക്കളപ്പണിക്കാരി. അന്നേദിവസം ഒന്നാമത്തെ പണി ചെയ്യുന്ന വീട്ടിൽ ഷൂട്ടിങ്ങാണ്. ആ വീട്ടിലെ പണികഴിഞ്ഞ് പോകാൻ നേരത്താണ് ബാത്ത്റും കഴുകാൻ പറയുന്നത്. മുകൾഭാഗം വൃത്തിയാക്കാൻ ആവശ്യപ്പെടുന്ന ഗൃഹനാഥ - അതിനിടയിലാണ് 'രമ്യേ, അവളോട് ടോയ്‌ലറ്റ് വൃത്തിയാക്കീട്ട് പൂവ്വൻ പറ' എന്ന സംഭാഷണം ആവർത്തിക്കുന്നത്. അവൾ പേരില്ലാത്തവൾ, അവൾക്കപ്പോൾ ദേഷ്യം വന്നു.

അഷിതയുടെ 'മധ്യവർത്തികൾ' എന്ന കഥയും വീട്ടുജോലി ചെയ്യുന്നവരുടെ പരാധീനതകളാണ് സൂചിപ്പിക്കുന്നത്. സ്ഥിരം തൊഴിലില്ലാത്തതിന്റെ അസ്വസ്ഥതകൾ. കുറഞ്ഞ വേതനത്തിന് പണിയെടുക്കേണ്ടിവരുന്നതിന്റെ നേട്ടുവീർപ്പുകൾ. ഭർത്താവിന് സ്ഥിരവരുമാനമില്ലാതെയാകുമ്പോൾ വിഷമിക്കേണ്ടി വരുന്ന ഭാര്യയുടെയും മക്കളുടെയും അവസ്ഥ ഈ

കഥ വിവരിയ്ക്കുന്നു.

**പെണ്ണായിപ്പിറന്നതിന്റെ നെടുവീർപ്പുകൾ**

ഹോസ്റ്റലിൽ പഠിക്കുന്ന ഒരു പെൺകുട്ടിയാണ് ഗ്രേസിയുടെ 'വേനലിൽ വീണ ഒരു മഴത്തുള്ളി' യിലെ കേന്ദ്രകഥാപാത്രം. അമ്മ പിണങ്ങിപ്പോയതിനാൽ അച്ഛനാണവളെ ദൂരെയുള്ള കോളേജിൽ ചേർത്തതും ഹോസ്റ്റലിലാക്കിയതും. എല്ലാ മാസവും കൃത്യമായ തുക അയച്ചു കൊടുത്തിരുന്നെങ്കിലും വല്ലപ്പോഴും മാത്രമേ അച്ഛൻ വന്നിരുന്നുള്ളൂ. അവൾക്ക് അമ്മയുമായുള്ള സാദൃശ്യം അച്ഛനെ വല്ലാതെ വിറളി പിടിപ്പിച്ചിരുന്നു. അലക്ഷ്യമായ യാത്രയിൽ ഒരു ദിവസം സന്ധ്യക്ക് അവൾ ഒരു ചെറുപ്പക്കാരന്റെ ബൈക്കിൽ കയറിപ്പോകുന്നു. വലതുകൈ അയാളുടെ അരയിൽ ചുറ്റി വേഗത കൂട്ടു എന്നു പറഞ്ഞപ്പോൾ തന്നെ ആ ചെറുപ്പക്കാരൻ വിരണ്ടുപോയിരുന്നു. അവർ ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു. അവിടെ മുറിയിൽ അവളുമായി കിടക്കപങ്കിട്ടു. ഒരു സ്ത്രീയെ പ്രാപിച്ചതിന്റെ സന്തോഷത്തിൽ, തന്റെ കഴിവ് തെളിയിച്ചതിൽ അഹങ്കരിച്ചിരിക്കുന്ന അവനോട് അവൾ പറഞ്ഞ വാക്കുകളിൽ അവൻ പതറിപ്പോയി. 'ഞാനാണ് കുന്തി. ഓരോ വേഴ്ച കഴിയുന്തോറും വീണ്ടും കന്യകയാകാനുള്ള മന്ത്രം എന്റെ കൈയിലുണ്ട്. ' – പുരുഷവർഗത്തെ വെല്ലുവിളിയ്ക്കുന്ന മറുപടിയാണിത്. ജീവിതബന്ധങ്ങൾ ഒരുവളുടെ ജീവിതത്തെ എത്രമാത്രം മാറ്റിമറിക്കുന്നുവെന്ന് ഈ കഥ കാണിച്ചുതരുന്നു.

അഷിതയുടെ 'അലമേലു പറയട്ടെ' എന്ന കഥ ഇതിന്റെ മറ്റൊരു രൂപമാണ് കാണിച്ചു തരുന്നത്. അഗ്രഹാരത്തിലെ അലമേലു എന്ന പെൺകുട്ടി അന്യജാതിയിൽപ്പെട്ടവനെ പ്രണയിച്ചതിന്റെ പേരിൽ അഗ്രഹാരത്തിൽനിന്ന് പുറത്താക്കുന്നു. അവളുടെ ഭീരുവായ കാമുകൻ വിവാഹവാഗ്ദാനം നൽകി അവളെ ഉപേക്ഷിക്കുന്നു. അഭയം നേടാനായി അഗ്രഹാരത്തിലേക്കു തിരിച്ചെത്തിയിട്ടും അവളെ അവിടെ കയറ്റാൻ തയ്യാറായില്ല. 'കരുണ' ചാരിറ്റബിൾ ട്രസ്റ്റ് അവൾക്ക് താമസിക്കാൻ ഇടം നൽകുന്നു.

ഗ്രേസിയുടെ 'മരണാനന്തരം' എന്ന കഥ ജീവിതം മടുത്ത് ഉറക്കഗുളിക കഴിച്ച് ആത്മഹത്യ ചെയ്ത ഒരുവളുടെ കഥയാണ്. ശവത്തിന് ചുറ്റും ദുഃഖം നടിച്ചിരിക്കുന്നവരോട് സംസാരിക്കണമെന്ന വിചിത്രമായ ആഗ്രഹം അവൾക്കുണ്ടാകുന്നു. ശവമെടുക്കാറായപ്പോൾ അവൾ കൺപോളകൾ വലിച്ച് തുറന്നു. പെൺമക്കൾക്ക് വല്ലതും കൊടുത്തുവിടുന്നതിൽ വല്ലാത്ത എരിച്ചിലായിരുന്നില്ലേ എന്ന ചോദ്യത്തിന്റെ മുമ്പിൽ അപ്പന്റെ കണ്ണുകൾ വറ്റിവരണ്ടു. ഭയത്തിന്റെ വൃത്തങ്ങൾ അയാളുടെ ഒറ്റക്കണ്ണിൽ പൊട്ടിവിടർന്നു. അവളുടെ അമ്മായിയോടും, സഹോദരനോടും, അനുജത്തിയോടും, കാമുകനോടുമുള്ള ചോദ്യങ്ങൾക്കു മുന്നിൽ അവർ വിളറിപ്പോയി. മരിച്ചവളുടെ ചോദ്യങ്ങൾ സമൂഹത്തിന്റെ മുന്നിൽ വലിയൊരു ചോദ്യമായുയരുന്നത് ഈ കഥയെ വേറിട്ടൊരു തലത്തിലേക്കെത്തിക്കുന്നു.

**പിതൃദ്വേഷം**

സ്വന്തം പിതാവിനോടുള്ള വൈരാഗ്യം  ചില പെൺകുട്ടികളുടെ ജീവിതത്തെ താറുമാറാക്കുന്നു. ഗ്രേസിയുടെ 'പാറ' എന്ന കഥ അത്തരമൊരു സാഹചര്യമാണ് വായനക്കാരുടെ മുന്നിലെത്തിക്കുന്നത്. ഏലിശ്ശുബയുടെ അപ്പനോടുള്ള ദേഷ്യം, തനിക്ക് നഷ്ടപ്പെട്ട ബാല്യത്തിലേക്കും,


ISSN: 2582 - 2594

നിരവധി സ്വപ്നങ്ങൾ ഒതുക്കി അപ്പന്റെ നിർബന്ധപ്രകാരം കർത്താവിന്റെ മണവാട്ടിയാകാൻ പോകേണ്ടിവന്ന മൂത്തവൾ ദീനാമ്മയുടെ ദുഃഖത്തിലേക്കും പോകുന്നു. ക്ലാർക്ക് കം ടൈപ്പിസ്റ്റിന്റെ ജോലികിട്ടി ഏലിശ്ശുബ വീട്ടിൽനിന്ന് രക്ഷപ്പെട്ടു. ഓഫീസിലെ സഹപ്രവർത്തകയായ മൃദുലയുടെ സ്വന്തം അച്ഛനെക്കുറിച്ചുള്ള വാത്സല്യപൂർവ്വകമായ വാക്കുകൾകേട്ട ഏലിശ്ശുബക്ക് ഈറ വന്നു. പിന്നീട് വിവാഹശേഷം അവളുടെ ഭർത്താവിന്റെ സ്നേഹപ്രകടനത്തെക്കുറിച്ച് ഓർത്ത് അവൾക്ക് സങ്കടം തോന്നി. ഡോക്ടർ പരിശോധിച്ചപ്പോൾ അവളുടെ ഹൃദയത്തിന്റെ സ്ഥാനത്ത് വലിയൊരു പാറയാണെന്നറിഞ്ഞപ്പോൾ അവൾ ഞെട്ടി. ഒരാളുടെ ജീവിതത്തിൽ യഥാസമയം നൽകേണ്ട കരുതലും സ്നേഹവാത്സല്യങ്ങളും ലഭിക്കാതാകുമ്പോൾ അവർ എങ്ങനെ രൗദ്രഭാവമുള്ളവരായിത്തീരുന്നു എന്ന് ഈ കഥ ഓർമ്മിപ്പിക്കുന്നു.

**സ്ത്രീപീഡനങ്ങൾ**

'കാക്കപ്പുള്ളികൾ' എന്ന കഥയിലൂടെ മാന്യതയുടെ മുഖം പേറുന്ന അബുവിനെ പരിചയപ്പെടുത്തുകയാണ് അഷിത. തൊഴിൽരഹിതൻ, പാർട്ടി പ്രവർത്തനം, പരിസ്ഥിതി സംരക്ഷണം, കവിയരങ്ങ്, കഥയരങ്ങ്. ഇവിടെയെല്ലാം അബുവിന്റെ സാന്നിധ്യമുണ്ട്. ഇതും പോരാഞ്ഞ് സമയംകിട്ടുമ്പോഴെല്ലാം ചീട്ടുകളിയും. ഒരു ദിവസം രാത്രിയിൽ അവിചാരിതമായി ചീട്ടുകളി നേരത്തെ കഴിഞ്ഞ് വീട്ടിലേക്ക് നടക്കുമ്പോൾ പെട്ടെന്ന് മഴ വന്നപ്പോൾ ബസ്സ്റ്റോപ്പിൽ കയറിനിൽക്കുന്നു. ആ ഇരുട്ടിൽ എച്ചിൽ കൂട്ടിയിട്ട ഇടങ്ങളിൽ നിന്നെല്ലാം വിശപ്പടക്കിയിരുന്ന സീതാംബാൾ എന്ന ഭ്രാന്തിപ്പെണ്ണിനെ കാണുന്നു. മഴയടങ്ങുന്നതുവരെ കാത്തുനിൽക്കുന്നതിനിടയിൽ ഒറ്റപ്പെട്ട ആ ബസ്സ്റ്റോപ്പിൽവെച്ച് അബു കാമഭ്രാന്തനായി മാറുന്നു. സീതാംബാൾ പീഡിപ്പിക്കപ്പെടുന്നു. ഏത് പ്രായവും, ഏതവസ്ഥയും സ്ത്രീയെ വെറുതെ വിടുന്നില്ല എന്ന കറുത്ത യാഥാർത്ഥ്യം കഥാകാരി പറഞ്ഞുവെക്കുന്നു.

ഗീതാഹിരണ്യന്റെ 'വിഴുപ്പ്' എന്ന കഥ വാർദ്ധക്യത്തിന്റെ ഒറ്റപ്പെടലും നിസ്സഹായതയുമാണെങ്കിലും റൗണ്ടിലെ ഫുട്പാത്തിൽകൂടി പെണ്ണുങ്ങൾക്ക് ദേഹോപദ്രവമേൽക്കാതെ നടക്കാൻ പറ്റില്ലെന്ന് സൂചിപ്പിക്കുന്നു. "സ്ത്രീ മനസ്സിന്റെ ദുർഗ്രഹവും അജ്ഞാതവുമായ ഇരുണ്ടഗുഹകളിലേക്കുള്ള അന്വേഷണമാണ് ഗീതയുടെ കഥകൾ." (ഡോ. എം.എം. ബഷീർ, പുറം 644)

ജയിലിലെ സ്ത്രീ തടവുകാരെ അഭിമുഖം നടത്താനായി വന്ന പത്രപ്രവർത്തകനിലൂടെയാണ് അഷിതയുടെ 'ശ്ലഥബിംബങ്ങൾ' എന്ന കഥ പുരോഗമിക്കുന്നത്. നാട്ടിലെ കുറ്റകൃത്യങ്ങളിൽ ചെന്ന് ചാടുന്ന ഭൂരിഭാഗം സ്ത്രീകളും അതിനു പ്രേരിതരാകുന്നതിന് കാരണം ശ്വാസം മുട്ടിക്കുന്ന സാമൂഹ്യചുറ്റുപാടുകളാണ് എന്നുള്ളതാണ് പത്രപ്രവർത്തകന്റെ കണ്ടെത്തൽ. പാലക്കാട്ടുകാരി ശിവകാമി ഭർത്താവിന്റെ മദ്യപിച്ച് വന്നുള്ള തൊഴിയും ചവിട്ടും കാരണം ഇറങ്ങിപ്പോയി കിണറ്റിൽചാടി. എട്ടുംപൊട്ടും തിരിയാത്ത കുട്ടികളും അമ്മയുടെ കൂടെയോടി കിണറ്റിൽവീണ് മരിച്ചു. അമ്മയെ നാട്ടുകാർ രക്ഷപ്പെടുത്തിയപ്പോൾ കുട്ടികളെ മരണത്തിലേക്ക് നയിച്ച കാരണത്താൽ അവളെ ജയിലിലടച്ചു. വ്യഭിചരിച്ചതിന്റെ പേരിൽ കമല ജയിലിലായി. ആണുങ്ങൾക്ക് വ്യഭിചാരത്തിന് കേസില്ല എന്ന് പറഞ്ഞ് കമല പത്രപ്രവർത്തകനെ അപഹസിക്കുന്നു. വിവിധ സാഹചര്യങ്ങൾ, എങ്ങനെ സ്ത്രീയെ ജയിലിലെത്തിക്കുന്നു എന്ന് ഈ കഥ പറഞ്ഞുവെക്കുന്നു.

### മറ്റു ചില കഥകൾ

ഗ്രേസിയുടെ 'ഭ്രാന്തൻപൂക്കൾ' എന്ന കഥയിലും 'ഗൗളിജന്മം' എന്ന കഥയിലും ഗൗളി തന്നെയാണ് കഥാപാത്രങ്ങൾ. ശലഭത്തെ കുടുക്കിലാക്കി ഭക്ഷിക്കാനുള്ള ശ്രമം പരാജയപ്പെട്ടെങ്കിലും, ഗൗളിയെ വീണ്ടും പ്രലോഭിപ്പിച്ച് ശലഭം അതിന്റെ ഭക്ഷണമായിത്തീരുന്നു. അച്ചനമ്മമാർ അവരുടെ സ്വകാര്യതകൾക്കു വേണ്ടി വഴിപിരിഞ്ഞപ്പോൾ മകൾ നിരവധി പുരുഷന്മാരുടെ വൈകാരിക വിശപ്പിന് ഇരയായിത്തീരുന്നു. അവൾക്ക് ഏറ്റവും വെറുപ്പുള്ളത് അപ്പനെ തോൽപ്പിക്കാൻ ജാരന്മാരെ തേടിപ്പോയ അമ്മയെയായിരുന്നു. അവസാനം ഒരു സ്ത്രീയുടെ സ്വാതന്ത്ര്യപ്രഖ്യാപനം പോലെ അവൾ തെരഞ്ഞെടുത്തത് ആത്മഹത്യയായിരുന്നു. 'ഗൗളിജന്മം' എന്ന കഥയിൽ ഒരാശുപത്രിയിൽ മരണാസന്നനായി കിടക്കുന്ന ചെറുപ്പക്കാരൻ. രോഗിയെ കാണാനെത്തിയ സ്ത്രീ ചെറുപ്പക്കാരന്റെ ഭാര്യയെ അബോർഷന് പ്രേരിപ്പിക്കുന്നു. ഇതെല്ലാം കണ്ടുകൊണ്ടിരിക്കുന്ന ആൺ ഗൗളിയിലൂടെയും പെൺഗൗളിയിലൂടെയുമാണ് കഥ മുന്നോട്ട് പോകുന്നത്.

ഭാര്യയായും അമ്മയായും ഡബിൾ റോളിൽ ജീവിക്കുന്ന ഒരു കുടുംബിനിക്ക് കഥയെഴുത്തിന് സമയം കണ്ടെത്താൻ ശ്രമിക്കുന്നതാണ് 'ഉണ്ണിക്കുട്ടന്റെ അമ്മയുടെ ഒരു ദിവസം' എന്ന കഥയിലൂടെ ഗീതാഹിരണ്യൻ രേഖപ്പെടുത്തുന്നത്. ഒന്നരവയസ്സായ മകനെ രാവിലെതന്നെ ക്രഷിലാക്കി ഒരു കഥ പൂർത്തിയാക്കണമെന്ന് കരുതി ലൈബ്രറിയിലേക്ക് പോകുന്ന എഴുത്തുകാരി ആകെയുള്ള ആറ് മണിക്കൂർ എഴുതാമെന്ന് വിചാരിച്ചിരിക്കുമ്പോഴാണ് സാഹിത്യകാരിയെ ഒരു പരിപാടിക്ക് ക്ഷണിക്കാൻ ഒരു ചെറുപ്പക്കാരൻ വരുന്നത്. അവനോടൊപ്പമുള്ള വാഗ്വാദങ്ങൾ വളരെ സമയം കളഞ്ഞു. അഞ്ചുമണിക്ക് തിരിച്ച് മകനെ ക്രഷിൽ വന്നെടുത്തപ്പോഴാണ് മനസ്സിലായത് അവന് പനിച്ചു തുടങ്ങിയിരിക്കുന്നു. കഥയെഴുതാൻ വേണ്ടി ഒരു പകൽ ഹോമിച്ച സ്ത്രീക്ക് അവിചാരിതമായി കഥയുടെ സമാപനം കിട്ടി എന്നതിൽ അവൾ ആശ്വസിക്കുന്നു. ലോകത്തിലെ അച്ഛന്മാർക്കറിയില്ല അമ്മമാർ തോളിൽ ഒരു ധന്വന്തരിയെ ചുമക്കുന്നുണ്ട്. മക്കൾക്ക് സുഖപ്പെടുംവരെ ഇരുതോളിലും ഒഴിവില്ലാക്കാവടികൾ.

### ഉപസംഹാരം

"സാമൂഹികമായും വൈകാരികമായും സ്ത്രീകൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ വ്യത്യസ്ത സ്വഭാവത്തിലുള്ളവയാണ്. അതിനാൽ സാമാന്യവത്ക്കരിച്ച സമീപനമോ നിലപാടോ സ്വീകരിക്കാൻ കഴിയാതെ വരുന്നു. ഓരോ പ്രശ്നവും ഏറെ സൂക്ഷ്മാംശങ്ങളിലാണ് നിലകൊള്ളുന്നത്. അതിനാൽ പെണ്ണെഴുത്തിന്റെ പുറംമുദ്രയിലല്ല, അത് വിന്യസിക്കപ്പെട്ടിരിക്കുന്ന ആന്തരതലങ്ങളിലേക്കാണ് ഇറങ്ങിച്ചെല്ലേണ്ടിവരുന്നത്." (ഡോ. പി.കെ. തിലക്, പുറം 181). പുരുഷന്റെ നിഴലായി അവനെ പരിചരിച്ചും ആഹ്ലാദിപ്പിച്ചും നിൽക്കേണ്ടവളാണ് സ്ത്രീ എന്ന സങ്കല്പം മാറിയിരിക്കുന്നു. സാമൂഹികമായും വൈകാരികമായും സ്ത്രീകൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ വ്യത്യസ്തങ്ങളാണെന്ന് ഈ കഥാകാരികൾ ഓർമ്മപ്പെടുത്തുന്നു. സ്ത്രീപക്ഷ രചനകൾക്ക് അനന്യമായ തലം നൽകാൻ കഴിഞ്ഞു എന്നതാണ് ഇവരുടെ രചനാ സവിശേഷതകൾ. വ്യത്യസ്തമായ രചനാതന്ത്രങ്ങൾ അവർ ഇതിനായി പ്രയോജനപ്പെടുത്തുന്നു. സമൂഹത്തിന്റെ സാമൂഹ്യബോധത്തിൽ ഇടപെട്ട് വിമർശിച്ചുകൊണ്ടു മാത്രമേ സ്ത്രീയുടെ ശക്തിപ്പെടൽ സാധ്യമാകു

 ISSN: 2582 - 2594

എന്ന് ഈ കഥാകാരികൾ കരുതുന്നു. സ്ത്രീയുടെ അധഃസ്ഥിതാവസ്ഥ എന്നത് സംസ്കാരത്തിൽ മുദ്രണം ചെയ്തിരിക്കുന്നു. അതിന്റെ രൂപഭേദങ്ങളോടെയുള്ള ചില വെളിപ്പെടുത്തലുകൾ കണ്ട് പരിഹാരം നിർദ്ദേശിക്കുന്നത് വ്യർത്ഥമാകുന്നു. സാമൂഹ്യ മനഃസ്ഥിതിയുടെ സമൂലമായ പൊളിച്ചെഴുത്തിലൂടെ മാത്രമേ സ്ത്രീയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സാധിക്കുകയുള്ളൂ എന്ന് ഈ കഥകൾ വായനക്കാരെ ബോധ്യപ്പെടുത്തുന്നു.

**സഹായകഗ്രന്ഥങ്ങൾ:**


1. ഡോ. എം.എം. ബഷീർ, 2008 മലയാള ചെറുകഥാ സാഹിത്യചരിത്രം 1950-2007, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. ഗ്രേസി, 2016 ഗ്രേസിയുടെ കഥകൾ, ഡി.സി. ബുക്സ്, കോട്ടയം.
3. അഷിത, 1996 അഷിതയുടെ കഥകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്
4. ഗീതാഹിരണ്യൻ, 2016 ഗീതാഹിരണ്യന്റെ കഥകൾ, കറന്റ് ബുക്സ്, തൃശ്ശൂർ
5. ഡോ. പി. കെ. തിലക്, 2012, കഥാപഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
6. കെ. എസ് രവികുമാർ, 1999, ചെറുകഥ വാക്കും വഴിയും, കറന്റ് ബുക്സ്, തൃശ്ശൂർ
7. വി. രാജകൃഷ്ണൻ 2008, ചെറുകഥയുടെ ഛന്ദസ്, മാതൃഭൂമി ബുക്സ്, കോഴിക്കോട്
8. ഡോ. ജോഷി വർഗീസ്, ഡോ. ജോഷി മാടപ്പാട്ട്, 2012 മലയാളത്തിലെ കഥാകാരികൾ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.
9. രാജു കാട്ടുപുനം, ടി.കെ. അനിൽകുമാർ, 2019 കഥയുടെ വർത്തമാനം, ജി വി ബുക്സ്, തലശ്ശേരി